പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 969

30/06/2015-ലെ

മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം കേന്ദ്രപദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 1. മെട്രിക്കുലേഷനു ശേഷമുള്ള പഠനങ്ങൾക്കുള്ള സ്കോളർഷിപ്പ് (100%കേന്ദ്രസഹായം)<br>2. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തൽ (100%കേന്ദ്രസഹായം)<br>3. അനാരോഗ്യ ചുറ്റുപാടുകളിൽ പണിയെടുക്കുന്ന രക്ഷിതാക്കളുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്(100%കേന്ദ്ര സഹായം)<br>4. 9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്. (100%കേന്ദ്രസഹായം)<br>5. 1955ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50%കേന്ദ്രസഹായം)<br>6. ബാബു ജഗ്ജീവൻ റാം ഛത്രവാസ് യോജന (ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (50% കേന്ദ്രസഹായം)<br>7. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (100% കേന്ദ്രസഹായം) |
| (ബി) | കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിലെ അപാകതമൂലം ഓരോ വർഷവും എത്ര തുക വീതം പാഴായെന്ന് വിശദമാക്കുമോ? | (ബി) | കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിലെ അപാകതമൂലം തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ല.<br>ഓരോ സാമ്പത്തിക വർഷവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന സർക്കാർ തുക വകയിരുത്തുകയും ടി പദ്ധതികൾക്കായി തുക ചെലവഴിച്ച ശേഷം കേന്ദ്ര സർക്കാരിൽ നിന്നും റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ ധനസഹായം ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത കേന്ദ്ര സഹായം അടുത്ത വർഷങ്ങളിൽ മുഴുവനായും ചെലവാകാതെ വരുന്ന പക്ഷം അതേ പദ്ധതിക്കു തന്നെ വരുന്ന വർഷങ്ങളിൽ ചെലവഴിക്കുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ